'103595/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ്,ഡയറക്ടറേറ്റ്– സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2023-24- ആദ്യ ക്വാർട്ടറിലേയ്ക്കുള്ള അനുപൂരക പോഷകാഹാര വിതരണം - ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ(സാധാ) നം 111/2023/വശിവിവ ,തീയതി 23-02-2023
2. 02-05-2023 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നം സർക്കുലർ.
3. സ.ഉ. (സാധാ) നം. 262/2023/ വശിവിവ ,തീയതി 12-05-2023
4. 27-05-2023 ലെ വനിതശിശുവികസന ഡയറക്ടറുടെ DWCD/20389/2021-ICDSA5 നം ഉത്തരവ്.
5. 24-06-2023 തീയതിയിലെ വയനാട് പ്രോഗ്രാം ഓഫീസറുടെ DICDS/WYD/36/2023-C നം കത്ത്.

**<u>ഉത്തരവ് നം. DWCD/2124/2023-ICDSA5 തീയതി: 03-07-2023</u>**

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 20022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കുമായി പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രാജ്യത്തെ തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിലെ 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ-പോഷണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ nutritional component ഇനത്തിലും IFA supplementation,ആരോഗ്യ പരിശോധന, referral service, ആരോഗ്യ പോഷണ വിദ്യാഭ്യാസം , നൈപുണ്യവികസനം തുടങ്ങിയവ Non nutrition Component ഇനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിലെ nutritional component ലേയ്ക്കായി 50: 50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്.

പദ്ധതി വകുപ്പുമുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും സംസ്ഥാന വിഹിതം അനുവദിച്ചുകൊണ്ടുള്ള ഉത്തരവും പരാമർശം (1) പ്രകാരം 2022-23 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പരിഷ്കരിച്ച സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കുലർ പരാമർശം (2) പ്രകാരം നൽകുകയുണ്ടായി. ആയത് പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി ഒരു ദിവസം 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും ഉൾപ്പെടുന്ന പോഷകാഹാരം നൽകുന്നതിലേയ്ക്കായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഒരു ഗുണഭോക്താവിന് അനുവദനീയമായ ഗോതമ്പിന് പുറമേ **60 ഗ്രാം റാഗിയും 10ഗ്രാം ശർക്കരയും** ഒരു മാസം 25 ദിവസം എന്ന രീതിയിൽ വിതരണം ചെയ്യുന്നു.

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിയ്ക്കായി 2235-02-102-40-01 ശീർഷകത്തിൽ നിന്നും SAG പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും ജനറൽ കാറ്റഗറി ഇനത്തിൽ ലഭ്യമായിട്ടുള്ള 55.78 ലക്ഷം രൂപയും അതിന് ആനുപാതിക സംസ്ഥാന വിഹിതം തുകയിൽ 2235-02-102-40-02 ശീർഷകത്തിൽ നിന്നും അഡ്വാൻ സായി SNA അക്കൗണ്ടിൽ നിക്ഷേപിച്ച 25 രൂപ ലക്ഷം രൂപ കിഴിച്ച് ബാക്കി 30.78 ലക്ഷം രൂപ ഉൾപ്പെടെ ആകെ **86.56 ലക്ഷം**

രൂപ ന്യൂട്രിഷ്യൻ കമ്പോണന്റ് ഇനത്തിലെ ചെലവുകൾക്കായി SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയും ആയത് പരാമർശം (4) പ്രകാരം SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയുമുണ്ടായി.

പദ്ധതിയിൽ ഉൾപ്പെട്ട 14-18 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് 60 ഗ്രാം റാഗി 10 ഗ്രാം ശർക്കര വീതം ആദ്യ ക്വാർട്ടർ വിതരണം ചെയ്യു വകയിൽ വയനാട് ജില്ലയിലെ 8 പ്രോജക്റ്റുകൾക്ക് ആവശ്യമായ തുകയുടെ വിശദാംശം സൂചന (5) പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിലെ അനുപൂരക പോഷകാഹാരത്തിനുള്ള ചെലവുകൾക്കായി ചുവടെ പറയുന്ന വിധം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമനം | പ്രോജക്റ്റ് | അനുവദിക്കുന്ന തുക | | പ്രോജക്റ്റിന് ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|
| | | റാഗി | ശർക്കര | |
| 1 | കൽപ്പറ്റ | 935088 | 150608 | 1085696 |
| 2 | കൽപ്പറ്റ അഡീഷണൽ | 480929 | 95745 | 576674 |
| 3 | സുൽത്താൻബത്തേരി | 723338 | 126787 | 850125 |
| 4 | സുൽത്താൻബത്തേരി അഡീഷണൽ | 438139 | 74005 | 512144 |
| 5 | പനമരം | 476418 | 76469 | 552887 |
| 6 | പനമരം അഡീഷണൽ | 519271 | 81116 | 600387 |
| 7 | മാനന്തവാടി | 761626 | 75285 | 836911 |
| 8 | മാനന്തവാടി അഡീഷണൽ | 544196 | 73640 | 617836 |
| | ആകെ | **4879005** | **753655** | **5632660** |
| | Grand Total | **5632660** | | |

(അൻപത്തിയാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തിഅറുന്നൂറ്റി അറുപത് രൂപ മാത്രം)

ഇതിലേയ്ക്കാവശ്യമായ തുക 5632660 രൂപ **(അൻപത്തിയാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തിഅറുന്നൂറ്റി അറുപത് രൂപ മാത്രം)** പ്രസ്തുത പദ്ധതിയ്ക്കായി വനിതശിശുവികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്കിന്റെ **40341101052967 (IFSC-KLGB0040341) യിൽ നിന്നും** വയനാട് ജില്ലാവനിതശിശുവികസന ഓഫീസർക്ക് limit set ചെയ്ത് നൽകേണ്ടതും ജില്ലാ വനിതശിശുവികസന ഓഫീസർ മുകളിൽ ചേർത്തിട്ടുള്ള പട്ടിക പ്രകാരം

/103592/2023

ശിശുവികസന പദ്ധതി ഓഫീസർക്ക് limit set ചെയ്ത് നൽകേണ്ടതും സിഡിപിഒ ക്ക് സ്കീം ഫോർ അഡോളസെന്റ് ഗേൾസ് ( scheme code: KL-250) ന്റെ [1.4] **ന്യൂട്രിഷ്യൻ** [KL] എന്ന കമ്പോണന്റിൽ നിന്നും ൽ നിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള തുക പിൻവലിക്കാവുന്നതാണ്. ടി തുക സിഡിപിഒ, സൂപ്പർവൈസർമാർ ശുപാർശ ചെയ്യുന്ന പ്രകാരം അതാത് വിതരണ സ്ഥാപനങ്ങളെ PFMS ൽ vendor ആയി ചേർത്ത് തുക അനുവദിക്കേണ്ടതാണ്.

ഇപ്രകാരം അനുവദിച്ച തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട് എ സെക്ഷൻ
2. സൂപ്രണ്ട് ബി സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 03-07-2023 12:56:18